# പള്ളികഥകൾ

## മിനികഥകൾ  അറുപത്തി നാല്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ, ഇപ്പോൾ പറയാൻ പോകുന്ന കഥ കേൾക്കാൻ വളരെയധികം ആകാംക്ഷയൊടെയാണ് ഇരിക്കുന്നത്. എന്തായാലും നടന്നിട്ടുള്ള സംഭവ കഥയാണെന്ന് പറഞ്ഞാണ് പറയാൻ പോകുന്നത്. ചിലപ്പോൾ നടന്നതാകാം; അതല്ലാതെ ഭാവനയിൽ നിന്ന് അതുപോലെ സംഭവിച്ച പോലെയുള്ള കാര്യങ്ങൾ ഇത്രയും അടുക്കോടും ചിട്ടയോടും കൂടെ പറയാൻ അച്ചന് കഴിവുണ്ടന്ന് തോന്നുന്നില്ല.

# നീന്ത്യോളജി

കേരളത്തിലെ ഒരു കുഗ്രാമത്തിൽ ജനിച്ചു വളന്നവനാണ് ശമുവേൽ. അഞ്ചു പെണ്ണുങ്ങളുടെ ഇടയിൽ ഒരാണ്. മൂത്ത മൂന്നു പെണ്ണുങ്ങൾക്കു ശേഷം ഒരു ആൺകുഞ്ഞു പിറന്നപ്പോൾ ശാമുവേലിന്റെഅപ്പന് വളരെ സന്തോഷമായിരുന്നു. ഇനിയും ജനിക്കുന്നതും ആൺകുഞ്ഞായിരിക്കുമെന്ന ധാരണയിൽ, വിശ്വാസത്തിൽ വീണ്ടും പരിശ്രമിച്ചപ്പോൾ അത് പിന്നേയും പെൺകുഞ്ഞായി.

“കഴിഞ്ഞ പ്രാവശ്യം നമ്മൾ നേച്ചയും ഉപവാസവും പ്രാത്ഥനയും നോമ്പും എല്ലാം കഴിഞ്ഞപ്പോൾ നമ്മൾക്ക് ആൺകുഞ്ഞുണ്ടായി. ഇപ്രാവശ്യം ഇതൊന്നുമല്ലാതെ പോയതാണ് വീണ്ടും പെൺകുഞ്ഞ് പിറന്നത്.” അവന്റെ അമ്മ പറഞ്ഞു. നൂറു പ്രാവശ്യം പെറാനും അവർ തയാറാണ്. നൂറ് ആൺമക്കളെ കൂട്ടി നടക്കാൻ അവക്ക് സന്തോഷമേയുള്ളു. പിന്നേയും പെൺ മക്കൾ ജനിക്കുന്നതു കാണുമ്പോൾ അയാൾക്ക് ആധിയാണ് അവരെയെല്ലാം കെട്ടിച്ചു വിടുന്നതെങ്ങനെ.

പട്ടണത്തിൽ നിന്നും ആ കുഗ്രാമത്തിലേക്ക് കുടിയേറിയപ്പോൾ അയാളുടെ അപ്പന് വളരെ പ്രതീക്ഷകളുണ്ടായിരുന്നു. ഏക മകൻ, ശമുവേലിന്റെ അപ്പനേയും കൂട്ടി അവിടെയുണ്ടായിരുന്ന കുന്ന് വിലയ്ക്കു വാങ്ങി, അതിന്റെ മുകളിൽ നല്ല ഒരു വീടും പണിത് അവിടെ താമസമാക്കി. അങ്ങിനെ കുന്നിൻ മുകളിൽ കുടുംബം എന്ന് പേര് വന്നു. വസ്തു വാങ്ങുന്നതിന് മുമ്പായി ആദ്യം അവിടെ ഒരു കിണർ കുഴിച്ചു. അതായിരുന്നു വ്യവസ്ഥയും. കിണർ കുത്തി അവിടെ വെള്ളം ഉണ്ടെങ്കിൽ മാത്രം വസ്തു വാങ്ങും. അല്ലാതെ ഈ മലയുടെ മുകളിൽ വീട് വെച്ച് താമസിച്ച് വെള്ളം കിട്ടാതെവന്നാൽ വെള്ളം കുടിക്കാതെ കടന്നു പോകേണ്ടി വരത്തില്ലേ! എന്തായാലും ആശാരിയേ വിളിച്ച് സ്ഥാനം കണ്ട് ഐശ്യര്യമായി കുഴിച്ചെടത്തു നിന്ന് സമൃദ്ധയായി നല്ല തണുത്ത ശുദ്ധജലം ധാരളം കിട്ടി. അതും നല്ല തണുപ്പുള്ള പനിനീർ തുള്ളിപോലുള്ള വെള്ളം. നല്ല നീരുറവു മൂലം വഷം മുഴുവൻ ധാരാളം വെള്ളം കിട്ടികൊണ്ടിരുന്നു. ആ കുന്നു മുഴുവനും അയാൾ വാങ്ങി. “കാന്നോരു നല്ല ദൈവാധീനമുള്ളോനാ” മൂത്താശാരി പറഞ്ഞു. അയാൾ വളരെ സന്തോഷവാനായി ആശാരിക്ക് കൈനിറയെ കൊടുത്തു. ആ ആശാരിയെകൊണ്ടു തന്നെ ആ കുന്നിന്റെ ഒത്ത മുകളിലായി, എന്നാൽ കാറ്റു പിടിക്കാത്ത വിധം നല്ല ഒരു വീട് പണിതു.

അയാൾ നല്ല അദ്ധ്വാനിയായിരുന്നു. ഭാര്യയും അതുപോലെ തന്നെ. കാലത്ത് അഞ്ചു മണിക്ക് അയാൾ എഴുന്നേൽക്കും. പിന്നെ നീണ്ടപ്രാത്ഥന; അര മണിക്കൂർ കഴിയും പ്രാത്ഥന തീരുമ്പോൾ. പ്രാത്ഥന കഴിഞ്ഞ് എഴുന്നേറ്റു വന്നാൽ ഉടനെ നല്ല ഒന്നാന്തരം ചക്കരകാപ്പി റഡി. അത് അമ്മച്ചിയുടെ മിടുക്ക്. പ്രാത്ഥിക്കാൻ പോയി കൗമ ചൊല്ലി കഴിയുമ്പോൾ അവർ അടപ്പിൽ കാപ്പിക്കുള്ള വെള്ളം വെച്ചിരിക്കും. എങ്ങിനെയായാലും പ്രാത്ഥന കഴിയുമ്പോൾ നല്ല ചൂടു കാപ്പി റഡി. ഒരിക്കലും കെടാത്ത അടുപ്പുള്ള വീടാണത്. അത് ആ വീടിന്റെ ഐശ്യമാണ്. ആ അമ്മച്ചിയുടെ ഐശ്യമാണ് അത്.

അവർ അവിടെ വന്നപ്പോൾ ശാമുവേലിന്റെ അപ്പന് പന്ത്രണ്ടു വയസ്. എട്ടു വഷം കഴിഞ്ഞപ്പോൾ ആ അമ്മച്ചി മരിച്ചു. അസുഖമെന്താണെന്ന് ആക്കും അറിയത്തില്ല.

ശാമുവേലിന്റെ അപ്പൻ അവിടെ വന്നപ്പോൾ ഏഴാം ക്ലാസ് പാസായതായിരുന്നു. പഠിക്കാൻ വലിയ മിടുക്കനായിരുന്നെങ്കിലും അടുത്തെങ്ങും പള്ളിക്കുടം ഇല്ലാതിരുന്നതും കൂടാതെ അപ്പന് കൂടെ സഹായിക്കാൻ ആളു വേണമെന്നുള്ളതുകൊണ്ടും പിന്നീട് പള്ളിക്കൂടത്തിൽ പോയില്ല. പ്രായത്തിൽ കൂടുതൽ ആരോഗ്യമുണ്ടായിരുന്ന അയാൾ അപ്പന്റെ കൂടെ കഠിനാദ്ധ്വാനത്തിൽ ഏപ്പെട്ടു. കൂടാതെ വേറെ ജോലിക്കാരേയും അവക്ക് കിട്ടി. ആ കുന്നു മുഴുവനും തട്ടു തട്ടാക്കി അവിടെ നിന്നും പൊന്ന് കൈക്കലാക്കി. “മണ്ണും പെണ്ണും പുരുഷന്റെ കൈമേനിപോലെയെന്ന് ആ കാന്നോർ പറയുമായിരുന്നു. അമ്മച്ചി മരിച്ചു കഴിഞ്ഞപ്പോൾ അവിടുത്തെ ദീപം അണഞ്ഞതു പോലെയായി. അന്നേരം ശാമുവേലിന്റെ അപ്പന് വയസ് ഇരുപത്. ഏകദേശം രണ്ടു മാസത്തോളം വേലക്കാരികളേയും കൊണ്ട് കാര്യങ്ങൾ നോക്കിയെങ്കിലും ഒന്നും കാന്നോക്ക് അത്ര തൃപ്തിയായില്ല. അവസാനം കാരണോർ മകനോട് പെണ്ണുകെട്ടാൻ പറഞ്ഞു. അപ്പൻ പറഞ്ഞാൽ പിന്നെ അതു പോലെ. പിന്നീടതിന് അപ്പീലില്ല. മരിച്ചു പോയ അമ്മച്ചിയേക്കാളും നല്ല ഐശ്യമുള്ള പെണ്ണ്; അതാണ് ശമുവേലിന്റെ അമ്മ. അപ്പനേക്കാളും കൂടുതൽ വിദ്ധ്യാഭ്യാസം അമ്മയ്ക്കുണ്ടെന്ന് എപ്പോഴും ശമുവേൽ പറയുമായിരുന്നു. വഷന്തോറും അമ്മ പെറ്റു. മൂന്നെണ്ണത്തിനെ പെറ്റു കഴിഞ്ഞപ്പോൾ അമ്മ പറഞ്ഞു: ഇനിയും നോമ്പും പ്രാത്ഥനയും ഉപവാസവും എല്ലാ കഴിഞ്ഞ് അടുത്തത് മതി. അതുപോലെ തന്നെ നടപ്പാക്കി. വന്നു പിറന്നു ഉണ്ണിയേശുവിനേ പോലെ ഒരു തേജോമയനായ പുത്രൻ. അവനെ അവർ ശമുവേൽ എന്ന് പേരിട്ടു.

പൈതൽ വളന്ന്, പ്രായത്തിൽ കവിഞ്ഞ ബുദ്ധിയിൽ. മൂത്ത മൂന്നു ചേച്ചിമാരും കുഞ്ഞുപെങ്ങളും പൊന്നുണ്ണി എന്നവനെ വിളിച്ച് ഓമനിച്ചു. പള്ളിക്കുടത്തിൽ, പഠിത്വത്തിൽ അവൻ ബഹുമിടുക്കൻ. ബ.എ.യും പാസായി കഴിഞ്ഞപ്പോൾ ദൈവവിളിയുണ്ടായി. ചെറുപ്പം മുതലുള്ള അതിരാവിലെ പ്രാത്ഥനയും തിരുസന്ധ്യയ്ക്കുള്ള പ്രാത്ഥനയും പ്രാത്ഥനാജീവിതത്തിലേക്ക് വഴി നടത്തിയതിൽ അത്ഭുതപ്പെടാനില്ലല്ലൊ. സന്യാസി അച്ചനായി. അതിനിടയിൽ പഠിച്ച് പഠിച്ച് ഇനിയൊന്നും പഠിക്കാനില്ലന്നായി. വല്ല്യപ്പൻ മരിച്ചു. പെങ്ങന്മാരുടെയെല്ലാം വിവാഹം കഴിഞ്ഞു; അപ്പനും പ്രായമായി.

ശമുവേലച്ചനും വല്ല്യച്ചനായി. ശമുവേലച്ചൻ പോയ സ്ഥലത്തെല്ലാവക്കും അച്ചനെ പ്രിയമായി. അച്ചൻ തീച്ചയായും ഒരു മെത്രാച്ചനായി തീരുമെന്ന് എല്ലാവരും തീച്ചപ്പെടുത്തി. ആ ഗ്രാമത്തിലെ പള്ളിയിലെ വികാരിയും സ്ക്കൂളിലെ പ്രിൻസിപ്പലുമായി. സ്ക്കൂൾ അക്കരയും പള്ളി ഇക്കരയും. വള്ളം കടന്നു വേണം അച്ചന് പള്ളിയിൽ പേകേണ്ടിയിരുന്നത്. ഒരു ദിവസം അച്ചൻ വള്ളം ഊന്നുകാരനോടു ചോദിച്ചു: “ഞാനെന്തെല്ലാം പഠിച്ചിട്ടുണ്ട്; താൻ അതു വല്ലതും പഠിച്ചിട്ടുണ്ടോ?” അയാൾ മറുപടിയായി പറഞ്ഞത്: “അച്ചൻ നീന്ത്യോളജി പഠിച്ചിട്ടുണ്ടോ?” അച്ചന് വെള്ളത്തിൽ നീന്താനറിയത്തില്ല. കുന്നിൻ മുകളിൽ ജനിച്ചു വളന്നവന് എങ്ങിനെ നീന്താനറിയാം. അയാൾ ചോദിച്ചതും വള്ളം മറിഞ്ഞതും ഒരുമിച്ച്.